ഉത്തരം

(എ) ഒന്നാംഘട്ടം 2011 ഫെബ്രുവരി മാസം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) 20-2-2008-ൽ ആയിരുന്ന ടൂറിസം വകുപ്പ് ഭൂമി ഏറ്റെടുത്തത്. 2004-ൽ ആയിരുന്ന പദ്ധതിക്ക് കേന്ദ്ര സഹായം അനുവദിച്ചത്. 2005-06-ൽ 2,00,00,000 (രണ്ട് കോടി) രൂപയും 2010-11-ൽ 1,60,00,000 (ഒരു കോടി അറുപത് ലക്ഷം) രൂപയും 2011-12-ൽ 4,90,00,000 (നാല് കോടി തൊണ്ണൂറ് ലക്ഷം) രൂപയും 2012-13-ൽ 4,70,00,000 (നാല് കോടി എഴുപത് ലക്ഷം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഇൻസ്പെക്ഷൻ നടത്തി ട്രാൻസ്ഫോർമർ ചാർജ് ചെയ്ത് കിട്ടാൻ താമസം നേരിടുന്നുണ്ട്. കൂടാതെ വളരെ ഉയർന്ന പ്രദേശമായതിനാൽ പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കാൻ ചില തടസ്സങ്ങൾ നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് ക്രാഫ്റ്റ് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കുടുംബശ്രീയൂണിറ്റ് ക്രാഫ്റ്റ് വില്ലേജിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

(ഇ) ഇക്കാര്യങ്ങൾ പരിശോധിച്ചു വരികയാണ്.

പേരാമ്പ്ര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

372 (1062) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസംവകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് ഇവിടെ എത്ര രൂപ ചെലവഴിച്ചു എന്നും ഇനി എത്ര രൂപ ചെലവഴിക്കാനുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 'ചിൽഡ്രൻസ് പാർക്ക് ചങ്ങോരത്ത് ഗ്രാമപഞ്ചായത്ത് ഇൻ കോഴിക്കോട് ഡിസ്ട്രിക്ട്' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കക്കയം-പെരുവണ്ണാമൂഴി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 25 ലക്ഷം രൂപ അനുവദിച്ചതിൽ 10 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ കോഴിക്കോട് ഡി.റ്റി.പി.സി.-ക്ക് നൽകിയിട്ടുണ്ട്. 15 ലക്ഷം രൂപ ഇനി നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly